# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

കെ. എൻ. വേണുഗോപാലൻ കർത്ത
പബ്ലിക് റിലേഷൻസ് ഓഫീസർ
**ഫോൺ: 0481 2731020, 2732650,**
**മൊബൈൽ: 9846720402**

പി.ആർ.ഒ/35/75/2017 <u>പത്രക്കുറിപ്പ്</u> 2017 ഏപ്രിൽ 10

**എം.ജി പഠനവകുപ്പുകളിലെ പി. ജി. പ്രവേശനപരീക്ഷ : ഓൺ ലൈൻ അപേക്ഷ നാളെ (ഏപ്രിൽ 12) മുതൽ**

എം. ജി. സർവ്വകലാശാലയിലെ വിവിധ പഠനവകുപ്പുകളിലെ പി. ജി. പ്രവേശനത്തിനായി നടത്തുന്ന പ്രവേശന പരീക്ഷക്കുള്ള (ക്യാറ്റ്) ഓൺലൈൻ രജിസ്ട്രേഷൻ നാളെ ആരംഭിച്ച് മെയ് 10 ന് അവസാനിക്കും. സർവ്വകലാശാല പഠനവകുപ്പുകളിലെ വിവിധ എം. എ, എം. എസ്സി, എൽ. എൽ. എം, എം. റ്റി. റ്റി. എം, എം. എഡ് പ്രോഗ്രാമുകളിലേക്കാണ് പ്രവേശനപരീക്ഷ നടത്തുന്നത്. അവസാനവർഷ ബിരുദ പരീക്ഷാഫലം കാത്തുനിൽക്കുന്നവർക്കും അപേക്ഷ സമർപ്പിക്കാവുന്നതാണ്. ഓൺലൈനായാണ് അപേക്ഷയും ഫീസും സമർപ്പിക്കേണ്ടത്. പ്രവേശനപരീക്ഷയ്ക്ക് തിരുവനന്തപുരം, കോട്ടയം, കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിൽ പരിക്ഷാ കേന്ദ്രങ്ങളുണ്ടായിരിക്കും www.cat.mgu.ac.in, www.mgu.ac.in എന്നീ വെബ്സൈറ്റുകളിൽ ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള സൗകര്യം ലഭ്യമാണ്. പ്രവേശനപ്രക്രിയ, യോഗ്യത, പഠനവകുപ്പുകൾ, പി. ജി. പ്രോഗ്രാമുകൾ, പ്രവേശനപരീക്ഷയുടെ ഘടന/സിലബസ് തുടങ്ങിയ വിവരങ്ങൾക്ക് ഇതേ വെബ്സൈറ്റുകളിൽ പ്രസിദ്ധീകരിച്ചിട്ടുള്ള നോട്ടിഫിക്കേഷനും വിശദമായ പ്രോസ്പെക്ടസ്സും കാണുക. പൊതുവിഭാഗത്തിലെ അപേക്ഷകർക്ക് 500 രൂപയും പട്ടികജാതി/വർഗ വിദ്യാർത്ഥികൾക്ക് 250 രൂപയുമായിരിക്കും അപേക്ഷാഫീസ്. അപേക്ഷാഫീസും ഓൺലൈനായിത്തന്നെ സമർപ്പിക്കേണ്ടതാണ്. ഡെബിറ്റ്കാർഡ്, എ. റ്റി. എം, ഇന്റർനെറ്റ് ബാങ്കിങ് ഇവയിലേതെങ്കിലുമുപയോഗിച്ച് ഫീസടക്കാം. ഈ സൗകര്യങ്ങളൊന്നുമില്ലാത്ത അപേക്ഷകർക്ക് സംസ്ഥാനത്തെ എല്ലാ അക്ഷയകേന്ദ്രങ്ങളിലും ഫീസടയ്ക്കാവുന്നതാണ്.

**പ്രാക്ടിക്കൽ, പ്രൊജക്ട് വൈവ, പ്രൊജക്ട്**

ആറാം സെമസ്റ്റർ ബി. എസ്സി. ബയോടെക്നോളജി (സി.ബി.സി.എസ്.എസ്-റഗുലർ/സപ്ലിമെന്ററി) മാർച്ച്/ഏപ്രിൽ 2017 പരീക്ഷയുടെ പ്രാക്ടിക്കൽ/പ്രൊജക്ട് & വൈവ പരീക്ഷ ഏപ്രിൽ 11 മുതൽ വിവിധ കേന്ദ്രങ്ങളിൽ ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

നാലാം സെമസ്റ്റർ ബി. എസ്സി. ബയോടെക്നൊളജി (സി.ബി.സി.എസ്.എസ്-റഗുലർ/ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി-കോർ & കോംപ്ലിമെന്ററി) മാർച്ച്/ഏപ്രിൽ 2017 പരീക്ഷയുടെ പ്രാക്ടിക്കൽ മെയ് 3 മുതൽ മുതൽ വിവിധ കേന്ദ്രങ്ങളിൽ ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

ആറാം സെമസ്റ്റർ ബി. എ ഇംഗ്ലീഷ് - ലിറ്ററേച്ചർ, കമ്മ്യൂണിക്കേഷൻ & ജേർണലിസം (ട്രിപ്പിൾ മെയിൻ) മാർച്ച്/ഏപ്രിൽ 2017 ഡിഗ്രി പരീക്ഷകളുടെ പ്രൊജക്ട് മൂല്യനിർണയവും വൈവാ-വോസിയും ഏപ്രിൽ 17, 18 തീയതികളിൽ വിവിധ കേന്ദ്രങ്ങളിൽ വച്ച് നടത്തും. പായിപ്പാട് അമൻ കോളേജ് ഓഫ് സയൻസ് & ടെക്നോളജിയിലെ വിദ്യാർത്ഥികൾ ചങ്ങനാശ്ശേരി അസംപ്ഷൻ കോളേജിൽ പരീക്ഷയ്ക്ക് ഹാജരാകേണ്ടതാണ്. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

ആറാം സെമസ്റ്റർ ബി. എ ഇംഗ്ലീഷ് - ലിറ്ററേച്ചർ, കമ്മ്യൂണിക്കേഷൻ സ്റ്റഡീസ് (ഡബിൾ മെയിൻ) മാർച്ച്/ഏപ്രിൽ 2017 ഡിഗ്രി പരീക്ഷകളുടെ പ്രൊജക്ട് മൂല്യനിർണയവും, വൈവാ-വോസിയും ഏപ്രിൽ 17, 18 തീയതികളിൽ വിവിധ കേന്ദ്രങ്ങളിൽ വച്ച് നടത്തും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

ആറാം സെമസ്റ്റർ ബി. എ ഇസ്ലാമിക് ഹിസ്റ്ററി (സി.ബി.സി.എസ്.എസ്-റഗുലർ/സപ്ലിമെന്ററി) മാർച്ച് 2017 പരീക്ഷയുടെ പ്രൊജക്ട് ഇവാല്യുവേഷനും വൈവാ-വോസിയും ഏപ്രിൽ 18 ന് എറണാകുളം മഹാരാജാസ് കോളേജിൽ വച്ച് നടത്തും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

**പരീക്ഷാഫലം**

2015 ഒക്ടോബറിൽ നടത്തിയ പ്രീവിയസ്/ഫൈനൽ എം. എ സോഷ്യോളജി (ഓൾഡ് സ്കീം മേഴ്സിചാൻസ്) പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ ഏപ്രിൽ 24 വരെ സ്വീകരിക്കും.

2016 ഫെബ്രുവരിയിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം. കോം (സി. എസ്. എസ് - റഗുലർ/ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി- നോൺ സി. എസ്. എസ് റഗുലർ/സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ ഏപ്രിൽ 22 വരെ സ്വീകരിക്കും.

2015 ഒക്ടോബറിൽ നടത്തിയ പ്രീവിയസ്/ഫൈനൽ എം. എസ്സി. ഫിസിക്സ് മേഴ്സിചാൻസ് സപ്ലിമെന്ററി ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ ഏപ്രിൽ 20 വരെ സ്വീകരിക്കും.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**